**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 289** **27-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസ പഠന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര സ്ഥാപനങ്ങൾ ഇല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | മലബാർ മേഖലയിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ സർക്കാർ/ എയിഡഡ്/ സ്വാശ്രയ മേഖലയിൽ 324 അഫിലിയേറ്റഡ് കോളേജുകൾ പ്രവർത്തിക്കുന്നു.<br><br>കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് മേഖലകളിലായി 117 കോളേജുകളും നിലവിൽ പ്രവർത്തിച്ച വരുന്നുണ്ട്.<br><br>കൂടാതെ എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ എയ്ഡഡ്, അൺ-എയ്ഡഡ് മേഖലകളിലായി 32 കോളേജുകളും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനു പുറമേ സർക്കാർ മേഖലയിൽ 17 -ഉം എയ്ഡഡ് മേഖലയിൽ 2 -ഉം സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖലയിൽ 3 -ഉം സ്വകാര്യ സ്വാശ്രയ മേഖലയിൽ 14 -ഉം ഉൾപ്പടെ 36 സ്ഥാപനങ്ങൾ പോളിടെക്നിക് ഡിപ്ലോമ കോഴ്സുകൾ നടത്തി വരുന്നുണ്ട്.<br><br>കാലാകാലങ്ങളായി കാലിക്കറ്റ് സർവകലാശാലയുടെ കീഴിലും കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലും അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിൽ അതത് അക്കാദമിക വർഷത്തെ വിദ്യാർത്ഥികളുടെ അഡ്മിഷൻ റേറ്റ് അനുസരിച്ച് ഓരോ കോഴ്സിന്റേയും അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണത്തിൽ മാർജിനൽ ഇൻക്രീസ് അനുവദിക്കാറുണ്ട്.<br><br>പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് വിശദമായ നീഡ് അനാലിസിസ് സ്റ്റഡി നടത്തേണ്ടതുണ്ട്. പ്രസ്തുത പഠനത്തിൽ, കോളേജിനായി സ്ഥിരകെട്ടിട സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | ഒരുക്കുന്നതിനായി ഒരേ തട്ടിലുള്ള (തുടർച്ചയായ) 5 ഏക്കറിൽ കുറയാത്ത വിസ്തൃതിയിലുള്ള ഏറ്റവും അനുയോജ്യമായ ഒന്നിലധികം ഭൂമി കണ്ടെത്തി, പ്രസ്തുത സ്ഥലത്തെ ജല ലഭ്യത, റോഡ് ഗതാഗത സൗകര്യം, ഭൂമിശാസ്ത്രപരമായ സാഹചര്യം, ടി പ്രദേശത്തും പരിസരത്തുമായി ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യതയുള്ള വിദ്യാർത്ഥികളുടെ സാധ്യത വിവരങ്ങൾ, കോഴ്സ് ആരംഭിക്കുന്നതിനുള്ള കോളേജിലെ അടിസ്ഥാനസൗകര്യ ലഭ്യത സംബന്ധിച്ച വിവരങ്ങൾ, ലാബ്, ലൈബ്രറി ആവശ്യകത മുതലായവ സംബന്ധിച്ച വിവരങ്ങൾ, കോഴ്സ് പഠിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കുള്ള തൊഴിൽസാധ്യത വിവരങ്ങൾ, കോളേജ് ആരംഭിക്കുമ്പോൾ സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരങ്ങൾ മുതലായവ പരിഗണിച്ചാണ് പുതിയ കോളേജുകൾ അനുവദിക്കുവാൻ സർക്കാർ തീരുമാനം എടുക്കുന്നത്. നിലവിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥലങ്ങളിൽ പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നീഡ് അനാലിസിസ് സ്റ്റഡി ഉൾപ്പെടെയുള്ള പരിപാടികൾ വിവിധ ഘട്ടങ്ങളിലാണ്.<br><br>കാസർഗോഡ് - കുറ്റിക്കോൽ<br><br>കാസർഗോഡ് - ബദിയടുക്ക<br><br>വയനാട് - സുൽത്താൻ ബത്തേരി<br><br>വയനാട് - മോഡൽ ഡിഗ്രി കോളേജ്<br><br>മലപ്പുറം - വള്ളിക്കുന്ന്<br><br>മലപ്പുറം - വണ്ടൂർ കാളികാവ്<br><br>കണ്ണൂർ – നാട്ടുകാണി ആലക്കോട്<br><br>കണ്ണൂർ – കൂത്തുപറമ്പ്<br><br>കണ്ണൂർ – മട്ടന്നൂർ<br><br>കണ്ണൂർ – മ്യൂസിക് ആൻഡ് ഫൈൻ<br><br>ആർട്സ് കോളേജ്<br><br>കണ്ണൂർ - കേളകം |
| (ബി) | എങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ; | (ബി) | (എ) -യിൽ മറുപടി നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഉന്നതവിദ്യാഭ്യാസരംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മലബാർ മേഖലയിലുൾപ്പെടെയുള്ള സർക്കാർ കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ച നൽകിയിട്ടുണ്ട്. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ക്ലാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ്സും ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസേർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി, പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ അക്കാദമിക വർഷം (2023 – 24) മുതൽ ജീവനി പദ്ധതി വകുപ്പിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിലേക്ക് കൂടി വ്യാപിപ്പിച്ചു. പഠനത്തോടൊപ്പം വിവിധ തൊഴിൽ മേഖലകളെ പരിചയപ്പെടുന്നതിനും പുതിയ തൊഴിൽ മേഖലകളെ കണ്ടെത്തുന്നതിനും ഉദ്ദേശിച്ചാണ് പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn) എന്ന പദ്ധതി സർക്കാർ കോളേജുകളിൽ ആവിഷ്കരിച്ചിട്ടുള്ളത്.<br><br>എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ Sustainability Engineering & Carbon Neutrality എന്ന മേഖലയിൽ മികവിന്റെ കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 2021-2022, 2022-2023, 2023-2024 അധ്യയന വർഷങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്ക് സർക്കാർ /എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ സിവിൽ & എൻവിയോൺമെന്റൽ എഞ്ചിനീയറിംഗ് (30 സീറ്റ്) ജിയോ ടെക്നിക്കൽ & ജിയോ എൻവിയോൺമെന്റൽ എനർജി, (18 സീറ്റ്) കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, (60 സീറ്റ്) ഇലക്ട്രിക്കൽ ഡ്രൈവ്സ് (18 സീറ്റ്), ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റ സയൻസ് (18 സീറ്റ്), ഇന്റർനെറ്റ് ഓഫ് തിംഗ്സ് (18 സീറ്റ്) എന്നീ പുതുതലമുറ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാലിക്കറ്റ് സർവ്വകലാശാല നടപ്പ സാമ്പത്തിക വർഷത്തിൽ 1. Innovative Centers/ Projects 2. Research Promotion 3. Expansion of IT Infrastructure. 4 Green Campus initiative 5. Strengthening of library 6. Hostel for Students at ITSR, Chethalayam (Tribal sub Plan) 7. Development & Modernization of Teaching Departments എന്നീ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ 2024 – 25 സാമ്പത്തിക വർഷം 3180 ലക്ഷം രൂപ ബജറ്റ് വിഹിതമായി കാലിക്കറ്റ് സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററിന്റെ നടത്തിപ്പിനായി കിഫ്ബി ഫണ്ടിൽ നിന്നും 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കണ്ണൂർ സർവകലാശാലയ്ക്കു കീഴിലുള്ള 27 അഫിലിയേറ്റഡ് കോളേജുകളിൽ നിന്നുമായി 47 പുതിയ പ്രോഗ്രാമുകൾ, 5 കോളേജുകളിൽ നിന്നായി 18 പ്രോഗ്രാമുകൾക്കുള്ള സീറ്റ് വർധനവിനുള്ള അപേക്ഷ എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ